TUESDAY 09-11-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –09/11/2021

1. തിരുവനന്തപുരം ആത്മ വഴി നടത്തിവരുന്ന **ഡിപ്ലോമ ഇൻ അഗ്രികൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** (DESI) എന്ന ഒരു വർഷത്തെ കോഴ്സിന്റെ 2021–22 വർഷത്തിലേയ്ക്കുള്ള നടത്തിപ്പിനായി ഫെസിലിറ്റേറ്ററുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ അഥവാ ഹോർട്ടികൾച്ചറിൽ ബി എസ് സിയോ എം എസ് സി യോ ബിരുദവും 5 വർഷത്തെ പ്രവർത്തി പരിചയവും ആണ് യോഗ്യത. കൃഷി വകുപ്പിലോ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലോ കൃഷി വിജ്ഞാൻ കേന്ദ്രത്തിലോ 20 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. പ്രതിമാസം 17000/– യാണ് വേതനം. താത്പര്യമുള്ള അപേക്ഷകർ ഈ മാസം 15 നകം (15.11.2021) തിരുവനന്തപുരം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകേണ്ടതാണ്.

2. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 7 പശുക്കളെയും 2 ആടുകളെയും ഫാം ഓഫീസ് പരിസരത്ത് വച്ച് ഈ മാസം 16 ന് (16.11.2021) 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് അന്നേദിവസം 11 മണിയ്ക്ക് മുൻപായി 4000/– രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ഓഫീസിൽ നേരിട്ടോ 9745545344 എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in F¶ sabnentem ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ രണ്ടു മാസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ബി. വി. 380 ഇനത്തിൽപ്പെട്ട മുട്ട കോഴിക്കുഞ്ഞുങ്ങൾ

വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

4. 2018, 2019 വർഷങ്ങളിൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം കിട്ടുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2021 നവംബർ 10ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് സിസ്റ്റംസ് ഓഫീസർ മറുപടി പറയും. കോൾ സെന്റർ നമ്പർ **0481 2576622.**

<u>പരിശീലന പരിപാടികൾ</u>

5. ആലപ്പുഴ ജില്ലയിൽ ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി ചെറുകിട വളം, കീടനാശിനി ഡീലർമാർക്ക് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ ഉത്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.വി. രാജേശ്വരി നാളെ(10.11.2021) നിർവ്വഹിക്കും. പാണാവള്ളി, കുത്തിയതോട്, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് നാളെ (10.11.2021) 10 മണിയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ചും ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, ചാരുംമൂട് ബ്ലോക്ക് പരിധിയിലെ ഡീലർമാർക്ക് ഈ മാസം 20 ന് (20.11.2021) 10 മണിയ്ക്ക് കായംകുളം ടൗൺ ഹാളിൽ വെച്ചും നടത്തുന്നതാണ്.

6. കാർഷിക ഉത്പാദനവും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൊല്ലം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിയ്ക്കുന്ന **അതിജീവനം** 2021 ൽ ഇന്ന് (09.11.2021) രാവിലെ 10 മണിയ്ക്ക് **കിഴങ്ങ് വർഗ്ഗവിളകളിലെ സംരംഭകത്വ സാദ്ധ്യതകൾ** എന്ന വിഷയത്തിൽ സെമിനാറും ഉച്ചയ്ക്ക് 2 മണിയ്ക്ക് **കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനം** എന്ന വിഷയത്തിൽ പരിശീലനവും കൊട്ടാരക്കര സദാനന്ദപുരത്തെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഇറച്ചി ക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (09.11.2021) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. പരമാവധി 30 പേർക്ക് ആയിരിക്കും പരിശീലനം. 0491-2815454 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ആറു ദിവസത്തെ ക്ലാസ്റൂം പരിശീലന പരിപാടി നവംബർ **10 മുതൽ 17** വരെയുള്ള തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0481-2302223, 9495445536** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന; റബ്ബർബാൻഡ്, കൈയുറ, ഫോം റബ്ബർ, പശ, ബലൂൺ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **നവംബർ 08 മുതൽ 12 വരെ** നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 –2353201, 0481 – 2353127** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം